**പതിനാലാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2016-2019)

**രണ്ടാമത് റിപ്പോർട്ട്**

(2016 നവംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2016-2019)

## രണ്ടാമത് റിപ്പോർട്ട്

(2016 നവംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ചനടപടികളെ സംബന്ധിച്ചുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

1325/2016.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | . | vii |
| റിപ്പോർട്ട് | | .. | 1 |
| അദ്ധ്യായം I | | .. | 1 |
| അദ്ധ്യായം II | സമിതി ശിപാർശകളും അവയ്ക്ക് ലഭിച്ച മറുപടികളും സമിതി അംഗീകരിച്ചവ | .. | 2 |
| അദ്ധ്യായം III | സമിതി ശിപാർശകളും സമിതിയുടെ തുടർ ശിപാർശകളും | .. | 11 |
| അനുബന്ധം 1 | എസ്.ആർ.ഒ. നമ്പർ 145/2016 | .. | 13 |
| അനുബന്ധം 2 | എസ്.ആർ.ഒ. നമ്പർ 146/2016 | .. | 15 |
| അനുബന്ധം 3 | എസ്.ആർ.ഒ. നമ്പർ 147/2016 | .. | 20 |
| അനുബന്ധം 4 | എസ്.ആർ.ഒ. നമ്പർ 952/2013 | .. | 22 |
| അനുബന്ധം 5 | എസ്.ആർ.ഒ. നമ്പർ 146/2012 | .. | 30 |
| അനുബന്ധം 6 | എസ്.ആർ.ഒ. നമ്പർ 68/2014 | .. | 34 |
| അനുബന്ധം 7 | എസ്.ആർ.ഒ. നമ്പർ 456/2013 | .. | 39 |
| അനുബന്ധം 8 | എസ്.ആർ.ഒ. നമ്പർ 78/2011 | .. | 43 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മുരളി പെരുനെല്ലി.

<u>അംഗങ്ങൾ</u> :

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. എം. മുകേഷ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. റോജി എം. ജോൺ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എ. എൻ. ഷംസീർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)യുടെ ആറാമത് റിപ്പോർട്ട് 2012 ജൂലൈ 25-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി സമിതി വിവിധ യോഗങ്ങളിലായി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 നവംബർ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2016 നവംബർ 7.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)യുടെ ആറാമത് റിപ്പോർട്ട് 2012 ജൂലൈ 25-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ് (2008-ലെ 20-ാം ആക്റ്റ്), 2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ആക്റ്റ് (2007-ലെ 9-ാം ആക്റ്റ്), 1995-ലെ ദ കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്റ്റ് (1995-ലെ 1-ാം ആക്റ്റ്), 1989-ലെ ദ കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്റ്റ് (1989-ലെ 1-ാം ആക്റ്റ്), 1998-ലെ ദ കേരള ബാംബൂ, കാട്ടുവള്ളി, പന്റാനസ് ലീഫ് വർക്കേഴ്സ് വെൽഫെയർ ആക്റ്റ് (1998-ലെ 17-ാം ആക്റ്റ്), 2003-ലെ ദ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് ആക്റ്റ് (2003-ലെ 27-ാം ആക്റ്റ്), 1979-ലെ ദ കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് ആന്റ് വെൽഫെയർ ഫണ്ട് ആക്റ്റ് (1984-ലെ 19-ാം ആക്റ്റ്) എന്നീ ആക്റ്റുകളിൻകീഴിൽ 2007 മുതൽ 2010 വരെയുള്ള വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. തെളിവെടുപ്പിന്റെയും, ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ 32 ശിപാർശകൾ ഉണ്ടായിരുന്നു. ഈ 32 ശിപാർശകളിൽ 2, 3, 4, 5, 6, 7, 8, 9, 10, 11, 13, 27, 28, 29 എന്നീ ഖണ്ഡികകളിലെ 14 ശിപാർശകൾ വ്യവസായ വകുപ്പുമായും 15, 16, 17, 18, 19, 20, 21, 22, 23 എന്നീ ഖണ്ഡികകളിലെ 9 ശിപാർശകൾ മത്സ്യബന്ധനവും തുറമുഖവും വകുപ്പുമായും 25, 31, 32, 34, 36, 38, 44 എന്നീ ഖണ്ഡികകളിലെ 7 ശിപാർശകൾ തൊഴിൽ വകുപ്പുമായും 40, 41 എന്നീ ഖണ്ഡികകളിലെ 2 ശിപാർശകൾ നിയമവകുപ്പുമായും ബന്ധപ്പെട്ടവയാണ്.

2. മത്സ്യബന്ധനവും തുറമുഖവും വകുപ്പുമായി ബന്ധപ്പെട്ട 9 ശിപാർശകളിൻമേൽ ലഭിച്ച മറുപടി, തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 7 ശിപാർശകളിൻമേൽ ലഭിച്ച മറുപടി, നിയമവകുപ്പുമായി ബന്ധപ്പെട്ട 2 ശിപാർശകളിൻമേൽ ലഭിച്ച മറുപടി എന്നിവ 23-4-2014-ൽ ചേർന്ന സമിതിയോഗത്തിലും, ഖണ്ഡിക 27, 28, 29 എന്നീ 3 ശിപാർശകൾക്ക് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച മറുപടി 23-7-2014-ൽ ചേർന്ന സമിതി യോഗത്തിലും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. ഖണ്ഡിക 2 മുതൽ 11 വരെ, 13 എന്നിവയിലെ ശിപാർശകൾക്ക് വ്യവസായ വകുപ്പിൽനിന്നും മറുപടി ലഭിക്കാത്തതിനെ തുടർന്ന് വ്യവസായ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 16-6-2015, 6-1-2016 എന്നീ തീയതികളിൽ തെളിവെടുപ്പ് നടത്തുകയും, ശിപാർശയിൻമേലുള്ള മറുപടി അടിയന്തരമായി ലഭ്യമാക്കാൻ

നിർദ്ദേശിക്കുകയും ചെയ്തു. അതിൻപ്രകാരം ലഭ്യമായ മറുപടി 6-9-2016-ൽ ചേർന്ന സമിതിയോഗത്തിൽ പരിഗണിക്കുകയും അതിൽ ഖണ്ഡിക 10-ലെ ശിപാർശകൾ ഒഴികെയുള്ളവ അംഗീകരിക്കുകയും ഖണ്ഡിക 10-ലെ ശിപാർശയ്ക്ക് തുടർനടപടി ശിപാർശ ചെയ്യുകയുമുണ്ടായി.

4. സമിതി (2011-2014)യുടെ ആറാമത് റിപ്പോർട്ടിലെ സമിതി ശിപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

5. ഖണ്ഡിക 10-ലെ ശിപാർശയും അതിന് ലഭിച്ച സർക്കാർ മറുപടിയും സമിതിയുടെ തുടർനിർദ്ദേശവും അദ്ധ്യായം 3-ൽ ചേർത്തിരിക്കുന്നു.

6. സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ എസ്.ആർ.ഒ-കളിൽ വരുത്തിയ ഭേദഗതികളും തിരുത്തൽ വിജ്ഞാപനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## **സമിതി (2011-2014)യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകൾ, സമിതി അംഗീകരിച്ച സർക്കാർ മറുപടികൾ എന്നിവ:**

### 2-ാം ഖണ്ഡികയിലെ ശിപാർശ

7. ചട്ടം 3 (2)-ലെ "വ്യാപാരം അവസാനിപ്പിച്ച" എന്ന വാക്കുകൾക്ക് പകരം "വ്യാപാരം അവസാനിപ്പിച്ച് " എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

8. 18-2-2016-ലെ എസ്.ആർ.ഒ. നമ്പർ 145/2016 പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു).

(19-3-2016-ലെ 25357/ഇ 1/2012/വ്യവ. നമ്പർ കത്ത് മുഖേന ലഭ്യമായത്).

### 3-ാം ഖണ്ഡികയിലെ ശിപാർശ

9. ചട്ടം 3 (2) പ്രകാരമുള്ള ഫാറത്തിന്റെ മാതൃക ചട്ടങ്ങളിൽ ഉൾപ്പെടുത്താതിരുന്നത് ശരിയായില്ല എന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ ചട്ടം 3 (2) പ്രകാരമുള്ള ഫാറത്തിന്റെ മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

10. ചട്ടം 3(2) പ്രകാരമുള്ള ഫാറത്തിന്റെ മാതൃക ഉൾപ്പെടുത്തിക്കൊണ്ട് 18-2-2016-ലെ എസ്.ആർ.ഒ നമ്പർ 146/2016 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു).

(19-3-2016 -ലെ 25357/ഇ 1/2012/വ്യവ. നമ്പർ കത്ത് മുഖേന ലഭ്യമായത്.)

4, 5, 6 എന്നീ ഖണ്ഡികകളിലെ ശിപാർശ

11. ചട്ടം 3 (3)-ലെ "തുക തിട്ടപ്പെടുത്തേണ്ടതാണ് " എന്നത് "തുക ഉത്തരവുവഴി തിട്ടപ്പെടുത്തേണ്ടതാണ് " എന്ന് ഭേദഗതി വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

12. ചട്ടം 7-ലെ "ഈ ആക്റ്റുപ്രകാരം സെസ്സായി പിരിച്ചെടുക്കുന്ന തുക അസസ്സിംഗ് ഓഫീസർ ആയതിലേക്കുള്ള രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയശേഷം അടുത്ത പ്രവൃത്തിദിവസം സർക്കാർ അനുവദിച്ചിട്ടുള്ള അക്കൗണ്ടിന്റെ ശീർഷകത്തിൽ സഞ്ചിതനിധിയിൽ അടയ്ക്കേണ്ടതാണ്." ചട്ടങ്ങളിൽ "ഈ ചട്ടങ്ങൾ പ്രകാരം" എന്ന് ചേർക്കാറുണ്ടെങ്കിലും "ഈ ആക്റ്റ് പ്രകാരം" എന്ന ഇതിലെ പ്രയോഗം ഉചിതമല്ല എന്ന് സമിതി അഭിപ്രായപ്പെടുകയും "ആക്റ്റ് പ്രകാരം" എന്ന് ഭേദഗതി വരുത്തുവാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നു.

13. ചട്ടം 10(2)-ൽ പറഞ്ഞിരിക്കുന്ന പെനാൽറ്റി എന്നതിന് വ്യക്തത വരുത്തുവാനായി "പെനാൽറ്റി" എന്നത് "10-ാം വകുപ്പ് പ്രകാരമുള്ള പിഴ" എന്ന് തിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

14. 18-2-2016-ലെ എസ്.ആർ.ഒ. നമ്പർ 146/2016 പ്രകാരം ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു).

(19-3-2016-ലെ 25357/ഇ 1/2012/വ്യവ. നമ്പർ കത്ത് മുഖേന ലഭ്യമായത്).

7-ാം ഖണ്ഡികയിലെ ശിപാർശ

15. വ്യാപാരികൾ പ്രസ്തുത വർഷത്തിൽ നടത്തിയ വ്യാപാരം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന റിട്ടേൺ നൽകേണ്ട ഫാറം നമ്പർ I-ലെ വിൽപ്പന സംബന്ധിച്ച അളവ് ഏത് ഏകകത്തിലാണ് രേഖപ്പെടുത്തേണ്ടതെന്ന് (കിലോഗ്രാം/ടൺ) വ്യക്തമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

<u>സ്വീകരിച്ച നടപടി</u>

16. ഫാറം നമ്പർ 1-ൽ വിൽപ്പന സംബന്ധിച്ച അളവ് കിലോഗ്രാം എന്ന ഏകകത്തിൽ രേഖപ്പെടുത്തി പുതുക്കിയ ഫാറം 18-2-2016-ലെ എസ്.ആർ.ഒ. നമ്പർ 146/2016 പ്രകാരം ചേർത്തിട്ടുണ്ട് (അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു).

(19-3-2016-ലെ 25357/ഇ 1/2012/വ്യവ. നമ്പർ കത്ത് മുഖേന ലഭ്യമായത്.)

<u>8-ാം ഖണ്ഡികയിലെ ശിപാർശ</u>

17. എല്ലാ കയറുൽപ്പന്നങ്ങളുടെയും അളവ് ഭാരത്തിൽ രേഖപ്പെടുത്തണമെന്നുള്ളത് പ്രായോഗികമാണോയെന്ന് പരിശോധിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

18. കയറുൽപ്പന്നങ്ങളുടെ അളവ് രേഖപ്പെടുത്തി ഭേദഗതി വരുത്തിയ ഫാറം 18-2-2016-ലെ എസ്.ആർ.ഒ. നമ്പർ 146/2016 പ്രകാരം ചേർത്തിട്ടുണ്ട്. (അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു).

(19-3-2016-ലെ 25357/ഇ 1/2012/വ്യവ. നമ്പർ കത്ത് മുഖേന ലഭ്യമായത്.)

<u>9-ാം ഖണ്ഡികയിലെ ശിപാർശ</u>

19. ചട്ടം 8(ii), ചട്ടം 8(iv) പ്രകാരമുള്ള രജിസ്റ്ററുകളുടെ മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

20. 18-2-2016-ലെ എസ്.ആർ.ഒ. നമ്പർ 146/2016 മുഖേന ചട്ടം 8 (ii) ചട്ടം 8 (iv) പ്രകാരമുള്ള രജിസ്റ്ററുകളുടെ മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു).

(19-3-2016-ലെ 25357/ഇ 1/2012/വ്യവ. നമ്പർ കത്ത് മുഖേന ലഭ്യമായത്).

<u>11-ാം ഖണ്ഡികയിലെ ശിപാർശ</u>

21. ഓപ്പറേറ്റീവ് പാർട്ടിൽ "ചകിരി, നാര്" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണെന്ന് സമിതി കണ്ടെത്തുകയും ആയത് "ചകിരിനാര്" എന്ന് തിരുത്തണമെന്ന് ശിപാർശ ചെയ്യുകയും ചെയ്യുന്നു.

സ്വീകരിച്ച നടപടി

22. 18-2-2016-ലെ എസ്.ആർ.ഒ. നമ്പർ 147/2016 പ്രകാരം ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം -3 ആയി ചേർത്തിരിക്കുന്നു).

(19-3-2016-ലെ 25357/ഇ 1/2012/വ്യവ. നമ്പർ കത്ത് മുഖേന ലഭ്യമായത്).

13-ാം ഖണ്ഡികയിലെ ശിപാർശ

23. ചട്ടം 3(1) പ്രകാരം ഏപ്രിൽ 30-നോ അതിനു മുമ്പോ വ്യാപാരികൾ മുൻ സാമ്പത്തിക വർഷത്തെ റിട്ടേൺ അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കണമെന്നിരിക്കെ 2009 ജനുവരി 31 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിലെ റിട്ടേൺ എപ്രകാരമാണ് സമർപ്പിക്കപ്പെടുന്നത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

24. 2009 ജനുവരി 31 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിലെ റിട്ടേൺ ചട്ടം 3 (ii) പ്രകാരം വ്യാപാരികൾ സമർപ്പിച്ചിട്ടില്ല.

(19-3-2016-ലെ 25357/ഇ 1/2012/വ്യവ. നമ്പർ കത്ത് മുഖേന ലഭ്യമായത്).

15, 16, 17, 18, 19, 20, 21, 22, 23 എന്നീ ഖണ്ഡികകളിലെ ശിപാർശ

25. ചട്ടം 3(2) പ്രകാരം വ്യാപാരം തുടർന്ന് നടത്തുന്നില്ല എന്ന് തീരുമാനിച്ച വ്യാപാരികൾ സമർപ്പിക്കേണ്ട റിട്ടേൺ സംബന്ധിച്ച ഫാറം ചട്ടങ്ങളിൽ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

26. ചട്ടം 3(4)-ലെ "ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരമുള്ള" എന്നത് "ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ്" എന്ന് തിരുത്തണമെന്നും ചട്ടം 4-ലെ "തീയതിക്കകം" എന്ന വാക്കിനുശേഷമുള്ള "കോമ" ചിഹ്നം ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. ചട്ടം 6-ലെ അവസാന വരിയിലെ "നൽകുകയോ ചെയ്യാവുന്നതാണ്" എന്നത് "നൽകുകയോ ചെയ്യേണ്ടതാണ്" എന്നും ചട്ടം 7-ലെ "അടുത്ത പ്രവൃത്തി ദിവസം" എന്നത് "തൊട്ടടുത്ത പ്രവൃത്തി ദിവസം" എന്നും ചട്ടം 8-ലെ "അയായത്" എന്നത് "അതായത്" എന്നും ചട്ടം 9 (2)-ലെ "പരിശോധന നടത്തുന്നതിനായി തുറക്കുവാൻ ആവശ്യപ്പെടാവുന്നതാണ്" എന്നത് "തുറന്ന് പരിശോധന നടത്താവുന്നതാണ്" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ചട്ടം 8 (i)-ൽ പരാമർശിച്ചിട്ടുള്ള "ഫാറം നമ്പർ 1" എന്നുള്ളത് "ഫാറം നമ്പർ 2" എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ചട്ടം 8 (ii) പ്രകാരമുള്ള റസീറ്റ് ബുക്കിന്റെയും ചട്ടം 8 (iv) പ്രകാരമുള്ള രജിസ്റ്ററുകളുടെയും മാതൃക കൂടി ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു. കൂടാതെ, ചട്ടം 8(ii)-ൽ "അസസ്സിംഗ് ഓഫീസർ സ്ഥാപനത്തിൽ സന്ദർശിച്ചും" എന്നത് "അസസ്സിംഗ് ഓഫീസർ സ്ഥാപനം സന്ദർശിച്ചും" എന്ന് തിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. ചട്ടത്തിലെ ഫാറം 1-ൽ "ട്രേഡ്" എന്ന വാക്കിനുപകരം "വ്യാപാരം" എന്ന വാക്ക് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഫാറം നമ്പർ 1, 2 എന്നിവയിൽ അളവുകൾ, തുക എന്നിവ അക്ഷരത്തിലും അക്കത്തിലും രേഖപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ഫാറം നമ്പർ 3-ലെ "ഉത്തരവ് നടത്തിയ തീയതി" എന്നത് അവ്യക്തമാണെന്ന് നിരീക്ഷിച്ച സമിതി "ഉത്തരവ് ലഭിച്ച/നടത്തിയ തീയതി" എന്ന് തിരുത്തൽ വരുത്തണമെന്നും അതേ ഫാറത്തിലെ സത്യപ്രസ്താവനയ്ക്ക് "പരിശോധനാക്കുറിപ്പ്" എന്ന് തലവാചകം നൽകിയിരിക്കുന്നത് ഉചിതമല്ലെന്ന് വിലയിരുത്തുകയും ആയത് "സത്യപ്രസ്താവന" എന്ന് തിരുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

33. ഫാറം നമ്പർ 3-ലെ പരിശോധനാക്കുറിപ്പ് തുടങ്ങുന്നത് "അപേക്ഷകനായ/രായ" എന്നതിനാൽ ഫാറത്തിലെ "എന്റെ അറിവിലും" എന്നുള്ളത് "എന്റെ/ഞങ്ങളുടെ അറിവിലും" എന്ന് തിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

34. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ മുഴുവൻ ശിപാർശകളും സർക്കാർ അംഗീകരിക്കുകയും സ.ഉ.(പി) 71/13/മ.തു.വ. തീയതി 6-12-2013 പ്രകാരം കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ആക്ട് (2007-ലെ 9)-ൻ കീഴിൽ എസ്.ആർ.ഒ. നമ്പർ 1021/2007 തീയതി 7-12-2007 ആയി പുറപ്പെടുവിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). (952/2013 എസ്.ആർ.ഒ. അനുബന്ധം-4 ആയി ചേർത്തിരിക്കുന്നു).

(30-12-2013-ലെ 2718/ബി3/2013/മ.തു.വ. നമ്പർ കത്ത് പ്രകാരം ലഭ്യമായത്).

<u>25-ാം ഖണ്ഡികയിലെ ശിപാർശ</u>

35. The Committee points out that the word " Workers" is wrongly given as " Worker" in the name of the Act and the Board. The Committee has recommended time and again that the name of the Acts, Rules and Boards should be given correctly in statutory notifications. The Committee takes strong exception to repetition of such mistakes in statutory notifications and recommends to take firm steps to prevent recurrence of such mistakes.

സ്വീകരിച്ച നടപടി

36. Government assures that such mistakes will not be repeated in future. Necessary instruction have been issued.

(17-2-2014-ലെ 26075/ഡി1/13/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.)

27-ാം ഖണ്ഡികയിലെ ശിപാർശ

37. The Committee recommends that the Industries Department should take necessary steps to ensure that The Kerala Khadi Workers' Welfare Fund Board is reconstituted in time and in case there is a delay, the reconstitution is to be done with retrospective effect. Also, the Committee finds that the explanatory note does not suggest the date on which the term of the Board expired. Hence the Committee suggests that the explanatory note should invariably contain all the relevant details so as to make the same self contained.

സ്വീകരിച്ച നടപടി

38. The Recommendation of the Committee on Subordinate Legislation (2011-2014) is noted and will be implemented strictly in future. However the lapse occurred in this matter may be condoned.

(20-5-2014-ലെ 4481/കെ1/13/വ്യവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്).

28-ാം ഖണ്ഡികയിലെ ശിപാർശ

39. The Committee recommends that all the Members representing the Government should be included in the Board.

സ്വീകരിച്ച നടപടി

40. When the Board of Directors of Kerala Khadi Workers' Welfare Fund Board has been reconstituted vide S.R.O. No. 146/12 dated 3-3-2012 and later amendment made vide S.R.O. No. 68/14 dated 27-1-2014 the Directors representing the Finance Department, Labour Department and Industries Department were included in it.

(അനുബന്ധം -5, 6 എന്നിവ ആയി ചേർത്തിരിക്കുന്നു).

(20-5-2014-ലെ 4481/കെ1/13/വ്യവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്).

29-ാം ഖണ്ഡികയിലെ ശിപാർശ

41. The Committee suggests that the category representing each Member should also be indicated along with their names.

സ്വീകരിച്ച നടപടി

42. When the Board of Directors of Kerala Khadi Workers' Welfare Fund Board was reconstituted vide S.R.O. No. 146/12 dated 3-3-2012 and when amendment made to it vide S.R.O. No. 68/14 dated 27-1-2014 the category representing each members has been indicated along with their name. (അനുബന്ധം - 5,6 എന്നിവ ആയി ചേർത്തിരിക്കുന്നു).

(20-5-2014-ലെ 4481/കെ1/13/വ്യവ. നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയത്).

31-ാം ഖണ്ഡികയിലെ ശിപാർശ

43. The Committee points out that the word 'Kattuvalli' is wrongly spelt as 'Kattuvally' and 'Workers' is given as ' Worker's ' in the name of the Act and Board mentioned in the S.R.O. The Committee takes strong exception to repetition of such mistakes in statutory notifications.

സ്വീകരിച്ച നടപടി

44. Government assures that such mistakes will not be repeated in future. Necessary instruction have been issued.

(17-2-2014-ലെ 26075/ഡി1/2013/തൊഴിൽ നമ്പർ കത്ത് പ്രകാരം വ്യക്തമായത്).

32-ാം ഖണ്ഡികയിലെ ശിപാർശ

45. The Committee recommends the Labour Department to publish henceforth the name of the Regional Joint Labour Commissioner in the Gazette as stipulated in the Act.

സ്വീകരിച്ച നടപടി

46. Government assures that in future the name of Regional Joint Labour Commissioner will be published as stipulated in the Act.

(17-2-2014-ലെ 26075/ഡി1/2013/തൊഴിൽ നമ്പർ കത്ത് പ്രകാരം വ്യക്തമായത്).

34-ാം ഖണ്ഡികയിലെ ശിപാർശ

47. The Committee recommends that all the members representing the employers should be included in the Board.

സ്വീകരിച്ച നടപടി

48. As per G.O.(Rt.)No.906/13/LBR dated, 28-5-2013 one-third of members representing the employers are included in the Board.

(എസ്.ആർ.ഒ.നമ്പർ 456/2013 അനുബന്ധം -7 ആയി ചേർത്തിരിക്കുന്നു).

(17-2-2014-ലെ 26075/ഡി1/2013/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമായത്).

36-ാം ഖണ്ഡികയിലെ ശിപാർശ

49. ഇരുപത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കാൻ തീരുമാനിച്ചിട്ട് ഇതുവരെയും നടപ്പാക്കിയിട്ടില്ല എന്നത് വലിയൊരു വീഴ്ചയായി സമിതി വിലയിരുത്തി. ആയതിനാൽ ഇതു സംബന്ധിച്ച നടപടികൾ എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് തൊഴിലും പുനരധിവാസവും വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

50. 23-1-2007-ലെ ജി.ഒ. (എം.എസ്.) നമ്പർ 11/07/തൊഴിൽ ഉത്തരവ് പ്രകാരം കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2007-08 സാമ്പത്തിക വർഷം മുതൽ സ്കോളർഷിപ്പ് ഇനത്തിൽ ഇരുപത് വിദ്യാർത്ഥികൾക്ക് ധനസഹായം നല്കിവരുന്നുണ്ട്.

(27-4-2013-ലെ 20256/ഡി1/2012/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമായത്).

38-ാം ഖണ്ഡികയിലെ ശിപാർശ

51. The Committee points out that the words 'workers' and 'Kattuvalli' are wrongly given as 'Worker's' and 'Kattuvally' in the name of the Act and Board. The Committee takes strong exception to the repetition of such mistakes in the Statutory Notifications.

സ്വീകരിച്ച നടപടി

52. Government assures that such mistakes will not be repeated in future. Necessary instruction have been issued.

(17-2-2014-ലെ 26075/ഡി1/2013/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്).

40-ാം ഖണ്ഡികയിലെ ശിപാർശ

53. The Committee notices that the reason for replacement of the member is not mentioned either in the operative part or in the explanatory part of the S.R.O.

സ്വീകരിച്ച നടപടി

54. 40-ാം ഖണ്ഡികയിലെ പരാമർശം ഗൗരവമായി കണ്ട് മേലിൽ പ്രസ്തുത ആക്ടിന്റെ കീഴിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുമ്പോൾ പ്രത്യേക ശ്രദ്ധ പുലർത്തുമെന്ന് സമിതിയെ അറിയിക്കുന്നു.

(22-2-2013-ലെ 4217/കെ.എൽ.ബി.എഫ്. 2/13/നിയമം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.)

41-ാം ഖണ്ഡികയിലെ ശിപാർശ

55. As per Section 4 of the Kerala Advocates' Clerks Welfare Fund Act, 2003 the name of the Committee is 'The Kerala Advocates' Clerks Welfare Fund Committee'. The Committee points out that the name of the Committee is wrongly given as 'The Kerala Advocates' Clerk's Welfare Fund Committee.'The Committee reiterates its earlier comment that the name of the Committees, Acts and Rules should be given correctly in statutory notifications. The Committee also urges Government to take suitable action to avoid such instances in future.

സ്വീകരിച്ച നടപടി

56. പ്രസ്തുത ശിപാർശ ഗൗരവമായി കണ്ട് മേലിൽ ആക്ടിൻ കീഴിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ എന്നിവയിൽ കമ്മിറ്റിയുടെ പേര് ശരിയായി തന്നെ എഴുതുന്നതിന് നടപടി സ്വീകരിക്കുമെന്ന് സമിതിയെ അറിയിക്കുന്നു. സമിതിയുടെ പ്രസ്തുത ശിപാർശകൾ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി 14-2-2013-ൽ നമ്പർ4217/കെ.എൽ.ബി.എഫ്. 2/13/ നിയമം നമ്പർ കത്ത് നൽകിയിട്ടുണ്ട്.

(22-2-2013-ലെ 4217/കെ.എൽ.ബി.എഫ്.2/2013/നിയമം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്).

44-ാം ഖണ്ഡികയിലെ ശിപാർശ

57. The Committee finds that only 12 Directors are seen nominated in the Board. The Committee recommends that all the Directors should be appointed as prescribed in the Act and Rules framed thereunder.

സ്വീകരിച്ച നടപടി

58. As per the recommendations of the Committee in true spirit, on subsequent re-constitution of the Board, all the Directors are appointed as prescribed in the Act and Rules framed thereunder. The Board was re-constituted having a full fledged Board of Directors as prescribed in the Act, lastly, vide G.O.(Rt.) No.123/2011/LBR dated 22nd January, 2011 and published as S.R.O.No.78/2011 dated 27th January, 2011 (അനുബന്ധം-8 ആയി ചേർത്തിരിക്കുന്നു). The reconstituted Board is in force now.

(30-10-2012-ലെ 20556/J2/2012/LBR. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്).

അദ്ധ്യായം III

**സമിതി (2011-2014)യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ മറുപടി, സമിതിയുടെ തുടർശിപാർശ എന്നിവ**

10-ാം ഖണ്ഡികയിലെ ശിപാർശ

59. 113/2009-ാം നമ്പർ എസ്.ആർ.ഒ.യിലെ നിരക്ക് പ്രകാരം സെസ്സ് പിരിച്ചിരുന്നോയെന്നും 2009 ഏപ്രിൽ ഒന്നുവരെയുള്ള കാലയളവിലെ സെസ്സ് കുടിശ്ശികയായി പിരിച്ചത് പ്രസ്തുത നിരക്ക് പ്രകാരമായിരുന്നോയെന്നും സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

60. എസ്.ആർ.ഒ. നമ്പർ 113/2009-ലെ നിരക്ക് പ്രകാരം സെസ്സ് പിരിച്ചിട്ടില്ല. ഈ വിഷയത്തിൽ ബഹു. ഹൈക്കോടതി മുൻപാകെയുള്ള WP(c) 30000/19-ൽ ഒരു സ്റ്റേ നിലനിൽക്കുന്നുണ്ട്.

(19-3-2016-ലെ 25357/ഇ1/2012/വ്യവ. നമ്പർ കത്ത് പ്രകാരം ലഭ്യമായത്).

61. സമിതിയുടെ 6-9-2016-ലെ യോഗത്തിൽ വ്യവസായ വകുപ്പിൽ നിന്നുള്ള മറുപടി പരിഗണിക്കുകയും പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

<u>സമിതിയുടെ തുടർശിപാർശ</u>

62. സെസ്സ് പിരിക്കുന്നതു സംബന്ധിച്ച് ബഹു. ഹൈക്കോടതി മുൻപാകെയുള്ള WP(c) 30000/19 നമ്പർ കേസിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ സമിതി നിർദ്ദേശിച്ചു.

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2016 നവംബർ 7.

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2016 ഫെബ്രുവരി 18<br>18th February 2016<br>1191 കുംഭം 5<br>5th Kumbham 1191<br>1937 മാഘം 29<br>29th Magha 1937 | നമ്പർ<br>No. | 402 |

## കേരള സർക്കാർ

വ്യവസായ (ഇ) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 22/2016/വ്യവ. *തിരുവനന്തപുരം, 2016 ഫെബ്രുവരി 4 / 1191 മകരം 21.*

എസ്. ആർ. ഒ. നമ്പർ 145/2016.—2009 ഫെബ്രുവരി 3-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 17/2009/വ്യവ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും, 2009 ഫെബ്രുവരി 4-ാം തീയതിയിലെ 282-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 112/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2009-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ (2)-ാം ഉപചട്ടത്തിൽ ''വ്യാപാരം അവസാനിപ്പിച്ച'' എന്നത് ''വ്യാപാരം അവസാനിപ്പിച്ച് ''എന്ന് വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് തിരുത്തൽ വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുവായ ലക്ഷ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011–2014)-യുടെ 6-ാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം 2009 ഫെബ്രുവരി 3-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 17/2009/വ്യവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 4-ാം തീയതിയിലെ 282-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 112/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ ചട്ടങ്ങളിൽ വന്നുചേർന്ന പിശകുകൾ തിരുത്തി വിജ്ഞാപനം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ തിരുത്തൽ വിജ്ഞാപനം.

---

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2016 ഫെബ്രുവരി 18<br>18th February 2016<br>1191 കുംഭം 5<br>5th Kumbham 1191<br>1937 മാഘം 29<br>29th Magha 1937 | നമ്പർ<br>No. 403 |

## കേരള സർക്കാർ

<u>വ്യവസായ (ഇ) വകുപ്പ്</u>

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 23/2016/വ്യവ. *തിരുവനന്തപുരം, 2016 ഫെബ്രുവരി 4 / 1191 മകരം 21.*

**എസ്. ആർ. ഒ. നമ്പർ 146/2016.**—2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റിലെ (2008-ലെ 20) 19-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2009 ഫെബ്രുവരി 3-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) 17/2009/വ്യവ. നമ്പരായി പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 4-ാം തീയതിയിലെ 282-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 112/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2009-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ചട്ടങ്ങൾക്ക് 2016-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ചട്ടങ്ങൾക്കുള്ള ഭേദഗതി.</u>—(1) 2009-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങളിലെ 3-ാം ചട്ടത്തിൽ,—

(എ) (2)-ാം ഉപചട്ടത്തിലെ, "റിട്ടേൺ" എന്ന വാക്കിനുമുമ്പ് "ഫാറം നമ്പർ 1 (എ)-ൽ ഉള്ള" എന്ന വാക്കുകളും അക്കവും ബ്രായ്ക്കറ്റും അക്ഷരവും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപചട്ടത്തിലെ, "തുക തിട്ടപ്പെടുത്തേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "തുക ഉത്തരവുവഴി തിട്ടപ്പെടുത്തേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) 7-ാം ചട്ടത്തിൽ, "ഈ ആക്റ്റ് പ്രകാരം" എന്ന വാക്കുകൾക്ക് പകരം "ആക്റ്റ് പ്രകാരം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) 8-ാം ചട്ടത്തിൽ,—

(എ) (ii)-ാം ഇനത്തിലെ, "രജിസ്റ്റർ" എന്ന വാക്കിനുമുമ്പ് "ഫാറം നമ്പർ 4-ൽ ഉള്ള" എന്ന വാക്കുകളും അക്കവും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) (iv)-ാം ഇനത്തിലെ, "രജിസ്റ്ററുകൾ" എന്ന വാക്കിനു പകരം "ഫാറം നമ്പർ 5-ൽ ഉള്ള രജിസ്റ്റർ" എന്ന വാക്കുകളും അക്കവും ചിഹ്നവും ചേർക്കേണ്ടതാണ്;

(4) 10-ാം ചട്ടത്തിലെ (2)-ാം ഉപചട്ടത്തിൽ, "പെനാൽറ്റി" എന്ന വാക്കിനു പകരം "10-ാം വകുപ്പു പ്രകാരമുള്ള പിഴ" എന്ന വാക്കുകളും അക്കവും. ചിഹ്നവും ചേർക്കേണ്ടതാണ്.

(5) ഫാറം നമ്പർ 1-ന്റെ ഇനം 3 വിറ്റുവരവിന്റെ വിശദാംശങ്ങളിൽ, (എ) വില്പന സംബന്ധിച്ച് എന്ന ഉൾക്കുറിപ്പിൽ "അളവ്" എന്ന വാക്കിന് കീഴിൽ "(കിലോഗ്രാം)" എന്ന വാക്കുകളും, ബ്രായ്ക്കറ്റും ചേർക്കേണ്ടതാണ്.

(6) ഫാറം നമ്പർ 3-ന്റെ (3), (4), (5), (6) എന്നീ കോളങ്ങളിലെ ഓരോ ഉൾക്കുറിപ്പുകൾക്കും താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"(കിലോഗ്രാം/എണ്ണം (നീളം, വീതി, മീറ്ററിൽ)"

(7) ഫാറം നമ്പർ 1-നുശേഷം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്,—

## ഫാറം നമ്പർ 1 (a)

[ചട്ടം 3(2) കാണുക]

## വ്യാപാരി വ്യാപാരം അവസാനിപ്പിക്കൽ

1. വ്യാപാരിയുടെ പേരും മേൽവിലാസവും :
2. വ്യാപാരത്തിന്റെ പേര് :
3. വ്യാപാരം നടത്തിയതിന്റെ വിശദാംശങ്ങൾ :

| *ക്രമ നമ്പർ* | *വ്യാപാരം നടത്തിയ വർഷം* | *(എ) വ്യാപാരം നടത്തിയതിലുള്ള* | | *വ്യാപാരം അവസാനിപ്പിക്കുന്നതിന്റെ കാരണം* | *വ്യാപാരം നടത്തിയ തീയതി* |
|---|---|---|---|---|---|
| | | *ലാഭം* | *നഷ്ടം* | | |
| | | | | | |
| | ആകെ | | | | |

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ സത്യസന്ധമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി: *വ്യാപാരിയുടെ ഒപ്പ്.*

(8) ഫാറം നമ്പർ 3-നു ശേഷം താഴെപ്പറയുന്ന ഫാറങ്ങൾ ചേർക്കേണ്ടതാണ്,—

## ഫാറം നമ്പർ 4

[ചട്ടം 8 (ii) കാണുക]

## വ്യാപാരികൾ സൂക്ഷിക്കേണ്ട രജിസ്റ്റർ

(വർഷം...............)

| അസിസ്റ്റന്റ് ഓഫീസറുടെ പേര് | ഔദ്യോഗിക പദവി | സ്ഥാപനം സന്ദർശിച്ച തീയതി/സമയം | പരിശോധനയ്ക്ക് വിധേയമാക്കിയ രേഖകൾ/ സാധനങ്ങൾ | അസിസ്റ്റന്റ് ഓഫീസറുടെ അഭിപ്രായം | അസിസ്റ്റന്റ് ഓഫീസറുടെ ഒപ്പ് | പരിശോധനയ്ക്ക് സാക്ഷിയായ വ്യാപാരിയുടെ പേര് | ഒപ്പ് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| | | | | | | | |

ഫാറം നമ്പർ 5

[ചട്ടം 8(iv) കാണുക]

## വ്യാപാരികൾ സൂക്ഷിക്കേണ്ട രജിസ്റ്റർ

(വർഷം...............)

| ക്രമ നമ്പർ | തീയതി | ഇനം കയർ/കയറുല്പന്നങ്ങളുടെ വില്പനയുടെ വിവരം | | | | വാങ്ങിയ ആളിന്റെ പേര്, മേൽവിലാസം |
|---|---|---|---|---|---|---|
| | | സംസ്ഥാനത്തിനകത്ത് | | സംസ്ഥാനത്തിന് പുറത്ത് | | |
| | | തൂക്കം കിലോ,ഗ്രാം/എണ്ണം, (നീളം, വീതി മീറ്ററിൽ) | വില (രൂപ) | തൂക്കം കിലോ,ഗ്രാം/എണ്ണം, (നീളം, വീതി മീറ്ററിൽ) | വില (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| | | | | | | |
| | ആകെ | | | | | |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ, അതിന്റെ പൊതുവായ ലക്ഷ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ 6-ാമത് റിപ്പോർട്ടിലെ ശിപാർശപ്രകാരം 2009 ഫെബ്രുവരി 3-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) 17/2009/വ്യവ. നമ്പരായി പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 4-ാം തീയതിയിലെ 282-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 112/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2009-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾക്ക് ഭേദഗതി വരുത്തുവാൻ പ്രസ്തുത സമിതി നിർദ്ദേശിച്ചിരുന്നു. ആയതിൻപ്രകാരം പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2016 ഫെബ്രുവരി 18<br>18th February 2016<br>1191 കുംഭം 5<br>5th Kumbham 1191<br>1937 മാഘം 29<br>29th Magha 1937 | നമ്പർ<br>No. | 404 |


## കേരള സർക്കാർ

<u>വ്യവസായ (ഇ) വകുപ്പ്</u>

### തിരുത്തൽ വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 24/2016/വ്യവ. *തിരുവനന്തപുരം, 2016 ഫെബ്രുവരി 4*
*1191 മകരം 21.*

**എസ്. ആർ. ഒ. നമ്പർ 147/2016.**—2009 മേയ് 29-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 60/2009/ഐ.ഡി. പ്രകാരം പുറപ്പെടുവിച്ചതും, 2009 മേയ് 30-ാം തീയതിയിലെ 968-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 429/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിൽ "ചകിരി, നാര്" എന്നത് "ചകിരിനാര്" എന്ന് വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് തിരുത്തൽ വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുവായ ലക്ഷ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ 6-ാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം 2009 മെയ് 29-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 60/2009/ഐ.ഡി. പ്രകാരം പുറപ്പെടുവിച്ചതും 2009 മേയ് 30-ാം തീയതിയിലെ 968-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 429/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിൽ വന്നുചേർന്ന പിശകുകൾ തിരുത്തി വിജ്ഞാപനം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ തിരുത്തൽ വിജ്ഞാപനം.

---

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 6th December 2013<br>2013 ഡിസംബർ 6<br>15th Agrahayana 1935<br>1935 അഗ്രഹായനം 15 | No.<br>നമ്പർ 3416 |

## കേരള സർക്കാർ

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 71/2013/മ.തു.വ. *തിരുവനന്തപുരം, 2013 ഡിസംബർ 6.*

**എസ്. ആർ. ഒ. നമ്പർ 952/2013.**—2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ആക്റ്റിലെ (2007-ലെ 9) 20-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകൾ നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2007 നവംബർ 29-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 48/2007/മ.തു.വ. എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2007 ഡിസംബർ 7-ാം തീയതിയിലെ 2215-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1021/2007 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെപറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2013-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

